**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3902** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസിയുടെ ധനസഹായത്തോടെ ഏതെല്ലാം വാട്ടർ സപ്ലൈ സ്കീമുകളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയതെന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജിക്ക (Japan International Corporation Agency) ധനസഹായത്തോടുകൂടി താഴെപ്പറയുന്ന അഞ്ചു പദ്ധതികളാണ് നടപ്പിലാക്കിയത്. തിരുവനന്തപുരം കോർപ്പറേഷനു വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, കോഴിക്കോട് കോർപ്പറേഷനും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, കൊല്ലം ജില്ലയിലെ പരവൂർ മുനിസിപ്പാലിറ്റിക്കും 13 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുൻസിപ്പാലിറ്റിക്കും 18 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിക്കും 11 സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി. ഇതിൽ തിരുവനന്തപുരം, ചേർത്തല, പട്ടുവം എന്നീ പദ്ധതികൾ പൂർത്തിയാക്കി ജലവിതരണം പൂർണ്ണ തോതിൽ നടത്തി വരുന്നു. മീനാട്, കോഴിക്കോട് പദ്ധതിയിൽ ഉൾപ്പെട്ട 386 കിലോമീറ്റർ (മീനാട് - 34 km., കോഴിക്കോട് അർബൻ - 156 km. റൂറൽ - 196 km.)വിതരണശൃംഖല ഒഴികെയുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ മീനാട് വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ഗ്രാമീണ മേഖലയിലെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.ആയത് 2022-ഓടു കൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | കോഴിക്കോട് അർബൻ പ്രദേശത്തെ വിതരണ ശൃംഖലയുടെ ബാക്കിയുള്ള പ്രവൃത്തികൾ ജല ജീവൻ മിഷൻ അർബൻ പ്രാവർത്തികമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. |
| (ബി) | വിദേശ ധനസഹായത്തോടെ ഏതെങ്കിലും പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | എ.ഡി.ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സപ്ലൈ ഇമ്പ്രൂവ്മെൻറ് പ്രോജക്ട് തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇപ്പോൾ 1250 കോടി രൂപയുടെ ഒന്നാം ഘട്ടത്തിൽ തിരുവനന്തപുരം കൊച്ചി എന്നിവയിലെ ജലശുദ്ധീകരണശാലയുടെ നവീകരണവും കൊച്ചി നഗരത്തിലെ ജല വിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും വിവര സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള Management Information System (MIS) ആണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എ.ഡി.ബി.യും സംസ്ഥാന സർക്കാരും 70:30 അനുപാതത്തിൽ ചെലവ് പങ്കിടുന്ന ഈ പദ്ധതിക്ക് ആകെ 07.02.2020-ൽ ആകെ 2511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനനുസരിച്ച് 1757.7 കോടി രൂപ എ.ഡി.ബി. വായ്പയായും 753.3 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായും ഉൾപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ